കൂ | ടി | ക്കാ | ഴ് | ച

# ഫാ. ഗീവർഗീസ് കല്ലൂപ്പറമ്പിൽ നവതി നിറവിൽ

■ ജോയ്സ് തോട്ടയ്ക്കാട്

> ‘ കൂദാശകൾക്ക് പ്രധാനകാർമികത്വം വഹിക്കാൻ എന്റെ പള്ളിയിൽ വരുന്ന ഓർത്തഡോക്സ് അച്ചന്മാർക്ക് അവസരം കൊടുക്കുന്നതിന് എനിക്ക് യാതൊരു പ്രയാസവുമില്ല. ’



**ക**ല്ലൂപ്പറമ്പിൽ ഫാ. വി. എം. ഗീവർഗീസ്. കോട്ടയം പള്ളം കല്ലൂപ്പറമ്പിൽ വ്യവസായിയും പ്ലാന്ററുമായിരുന്ന വി.ഐ. മാത്തന്റെയും തിരുവാർപ്പ് കാഞ്ഞിരത്തിൽ ശോശാമ്മയുടെയും മകനായി 1924 ഓഗസ്റ്റ് 15നു ജനിച്ചു.

എട്ടാം വയസിൽ പരിശുദ്ധ ഇഗ്നാത്തിയോസ് ഏലിയാസ് തൃതീയൻ പാത്രിയർക്കീസ് ബാവ മ്സമ്രോനോ പട്ടം നൽകി (1932). മിഖായേൽ മാർ ദിവന്നാസിയോസ് മെത്രാപ്പോലീത്തായിൽ നിന്ന് കശീശാ പട്ടം സ്വീകരിച്ചു (1949). ഫിലോസഫിയിൽ എം.എ. ബിരുദം.

കോട്ടയം സി. എം. എസ്. കോളേജിൽ ഒൻപതു വർഷം അധ്യാപകനായിരുന്നു. കോതമംഗലം മാർ അത്തനേഷ്യസ് കോളജിൽ ആറു വർഷവും മാർ അത്തനേഷ്യസ് എഞ്ചിനിയറിംഗ് കോളജിൽ രണ്ടു വർഷവും കോലഞ്ചേരി സെന്റ് പീറ്റേഴ്സ് കോളജിൽ ഏഴു വർഷവും പ്രിൻസിപ്പലായിരുന്നു. ശിഷ്യസമ്പത്തുകൊണ്ട് അനുഗൃഹീതനായ കല്ലൂപ്പറമ്പിൽ അച്ചൻ കോട്ടയം ബസേലിയോസ് കോളജിന്റെ ആദ്യകാല സെക്രട്ടറിയാണ്.

യാക്കോബായ വിഭാഗത്തിന്റെ വൈദിക ട്രസ്റ്റിയായി 1957 ജൂൺ 21ന് 33-ാം വയസിൽ തെരഞ്ഞെടുക്കപ്പെട്ടു. 1958ൽ മലങ്കര സഭാ യോജിപ്പിനു വേണ്ടി മുൻനിരയിൽ പ്രവർത്തിച്ചു. ആ നിലയിൽ മലങ്കര സഭാ സമാധാനത്തിന്റെ നേർസാക്ഷി. പരുമലയിൽ 2002 മാർച്ച് 20നു കൂടിയ മലങ്കര സുറിയാനി ക്രിസ്ത്യാനി അസോസിയേഷൻ ട്രൈബ്യൂണൽ അംഗമായി പ്രവർത്തിച്ചു. സഹധർമിണി സെഷൻസ് ജഡ്ജിയായിരുന്ന കോട്ടയം കന്നുകുഴിയിൽ കെ.കെ. തോമസിന്റെ മകൾ സൂസൻ (വൈവി) 2013 ജനുവരി രണ്ടിന് നിര്യാതയായി. ഏക മകൻ ജോർജ് മാത്തൻ വ്യവസായിയാണ്. 2014 ആഗസ്റ്റ് 15-ന് നവതി.

‘വൈദിക ട്രസ്റ്റിയായി ഞാൻ സ്ഥാനം ഏൽക്കാം. പക്ഷെ സഭയിൽ സമാധാനം ഉണ്ടാക്കണം. സമാധാന ശ്രമം പരാജയപ്പെട്ടാൽ ഞാൻ രാജിവയ്ക്കും...’

യാക്കോബായ വിഭാഗത്തിൽ 1948-ൽ ഉണ്ടായ വൈദിക ട്രസ്റ്റി ഒഴിവിലേക്ക് കല്ലൂപ്പറമ്പിൽ വി.എം. ഗീവർഗീസ് അച്ചന്റെ പേര് നിർദ്ദേശിച്ചപ്പോൾ നിശ്ചയദാർഢ്യത്തോടെ അദ്ദേഹം പറഞ്ഞ വാക്കുകളാണിത്.

1957 ജൂൺ 21-ന് മണർകാട് പള്ളിയിൽകൂടിയ അസോസിയേഷൻ വൈദിക ട്രസ്റ്റി സ്ഥാനത്തേക്ക് 32 വയസ് മാത്രം പ്രായമുള്ള ബഹു. ഗീവർഗീസ് കല്ലൂപ്പറമ്പിൽ അച്ചനെ തെരഞ്ഞെടുത്തു.

സഭയിൽ സമാധാനം ഉണ്ടാക്കണം എന്ന വ്യവസ്ഥയിൽ വൈദിക ട്രസ്റ്റി സ്ഥാനം സ്വീകരിച്ച അദ്ദേഹത്തിന് ഒന്നര വർഷത്തിനുള്ളിൽ മലങ്കരസഭയിൽ സഭാസമാധാനത്തിന് സാക്ഷ്യം വഹിക്കുവാൻ ഭാഗ്യമുണ്ടായി. 1958 ഡിസംബർ 16-ന് മലങ്കരസഭ ഒന്നായി തീർന്നു.

2014 ഓഗസ്റ്റ് 15-ന് നവതിയിലെത്തുന്ന ഫാ. വി.എം. ഗീവർഗീസ് കല്ലൂപ്പറമ്പിൽ അനുഭവങ്ങൾ പങ്കിടുന്നു.

**1958-ലെ സഭാസമാധാനപ്രക്രിയ എങ്ങനെയായിരുന്നു?**

1956-ലെ തിരു-കൊച്ചി ഹൈക്കോടതി വിധി പാത്രിയർക്കീസ് കക്ഷിക്ക് അനുകൂലമായിരുന്നു. പൗലോസ് മാർ അത്താനാസിയോസ് (ആലുവായിലെ വലിയ തിരുമേനി) 1953ൽ കാലംചെയ്തു. വൈദികട്രസ്റ്റി 1948ൽ അന്തരിച്ചിരുന്നു. അതുകൊണ്ട് 1957 ജൂൺ 21ന് മണർകാട് പള്ളിയിൽ കൂടിയ അസോസിയേഷനിൽ ഒഴിഞ്ഞുകിടന്ന പാത്രിയർക്കീസ് കക്ഷിയുടെ മലങ്കര മെത്രാപ്പോലീത്താസ്ഥാനത്തേക്കും വൈദികട്രസ്റ്റിസ്ഥാനത്തേക്കും തെരഞ്ഞെടുപ്പു നടത്തി. ഏബ്രഹാം മാർ ക്ലീമീസ് മെത്രാപ്പോലീത്തായും ഞാനും ഈ സ്ഥാനത്തേക്ക് തെരഞ്ഞെടുക്കപ്പെട്ടു. എന്റെ അസാന്നിദ്ധ്യത്തിലാണ് എന്നെ തെരഞ്ഞെടുത്തത്. “ഒരു വർഷത്തേക്ക് മാത്രം; ആ കാലത്ത് സഭയിൽ സമാധാനമുണ്ടാക്കാൻ ശ്രമിക്കും; ശ്രമം പരാജയപ്പെട്ടാൽ രാജിവയ്ക്കും” എന്ന വ്യവസ്ഥയിൽ വൈദികട്രസ്റ്റിസ്ഥാനമേൽക്കാൻ സമ്മതിച്ചു. വൈകാതെ സമാധാന ആലോചനകൾ ആരംഭിച്ചു. ഏബ്രഹാം മാർ ക്ലീമീസ്, പാലമ്പടം ഡോ. പി.ടി. തോമസ് എന്നിവർ ബാവാകക്ഷിയെയും മാത്യൂസ് മാർ അത്താനാസിയോസ്, അഡ്വ. കെ. ചെറിയാൻ എന്നിവർ മെത്രാൻകക്ഷിയെയും പ്രതിനിധീകരിച്ചു. എത്ര വ്യവസ്ഥകൾ ഉണ്ടാക്കിയാലും ഏതെങ്കിലും ഒരു വ്യവസ്ഥയിൽ തട്ടി തകർന്നു പോകുന്നതായിരുന്നു മുൻകാല ചരിത്രം. ഏതായാലും പുതിയ സമാധാന വ്യവസ്ഥകൾ പൊതുവെ സ്വീകാര്യമായി.

ചർച്ചകൾ നടന്നുകൊണ്ടിരിക്കെ 1958 സെപ്റ്റംബർ 12 ന് സുപ്രീം കോടതിവിധി വന്നു. സമാധാനപ്രക്രിയകൾ ത്വരിതപ്പെടുകയും ഡിസംബർ 16-ന് കോട്ടയം പഴയസെമിനാരിയിൽ പരസ്പരം സ്വീകരിച്ച് മലങ്കര സഭ ഒന്നായിത്തീരുകയും ചെയ്തു.

കൽപനകൾ പരസ്പരം കൈമാറിയാണ് സ്വീകരിച്ചത്. കാതോലിക്കാ ബാവായുടെ കൽപനയിലെ “ഭരണഘടനയ്ക്കു വിധേയമായി സ്വീകരിക്കുന്നു” എന്ന വ്യവസ്ഥ എതിർപ്പിന് ഇടയാക്കി.

വീണ്ടും ചർച്ചകൾ നടന്നു. ആ സമയത്ത് വയലിപ്പറമ്പിൽ ഗീവർഗീസ് മാർ ഗ്രിഗോറിയോസ് തിരുമേനി "ഭരണഘടനയ്ക്കു വിധേയമായി എന്നെഴുതിയാൽ എന്താ കുഴപ്പം?" എന്നു ചോദിച്ചു. "തലേദിവസത്തെ ചർച്ചയിലുണ്ടാക്കിയ വ്യവസ്ഥയിലുള്ളതല്ല" എന്നു പറഞ്ഞപ്പോൾ "ആ കാരണത്താൽ തള്ളിക്കളയരുത്. നമുക്കോ ഭരണഘടനയില്ല അതുകൊണ്ട് അതു കൂടി ഇരുന്നോട്ടെ, കുഴപ്പമില്ല" എന്നു പറഞ്ഞു. അങ്ങനെ 1958ൽ സമാധാനമായി, പ്രശ്നങ്ങൾ അവസാനിച്ചു.

**1958ലെ യോജിപ്പിന് ഇരുകക്ഷികളിലുമുണ്ടായിരുന്ന അനുകൂല ഘടകങ്ങൾ എന്തെല്ലാം?**

പരിശുദ്ധ പാത്രിയർക്കീസ് ബാവായും പരിശുദ്ധ കാതോലിക്കാ ബാവായും സഭയെ സ്നേഹിക്കുന്നവരായിരുന്നു. അതുകൊണ്ട് അവർ സമാധാനത്തിനു വേണ്ടി ആത്മാർത്ഥമായി നിലകൊണ്ടു. "തലയിൽ കൈവച്ചല്ല, കാലുവച്ചു പ്രാർത്ഥിക്കുന്നതിനും സമ്മതമാണ്, എങ്ങനെയും സമാധാനമുണ്ടായാൽ മതി" എന്നായിരുന്നു കാതോലിക്കാ ബാവായുടെ നിലപാട്. പാത്രിയർക്കീസ് ബാവാ "മറുഭാഗത്തിന്റെ അഭിമാനത്തിന് കോട്ടം തട്ടാതെ ഏതുവിധത്തിലും സമാധാനമുണ്ടാകണം" എന്ന നിലപാടുകാരനായിരുന്നു. യാതൊരു വ്യവസ്ഥയുമില്ലാതെ അദ്ദേഹം മാർ ബസേലിയോസ് ഗീവർഗീസ് ദ്വിതീയൻ ബാവായെ കാതോലിക്കോസായി അംഗീകരിച്ച് പ്രശ്നം അവസാനിപ്പിച്ചു. പരിശുദ്ധ യാക്കോബ് തൃതീയൻ പാത്രിയർക്കീസ് ബാവാ സമ്മർദ്ദങ്ങൾക്കു വഴങ്ങാത്ത ആളായിരുന്നു. 1964ൽ കാതോലിക്കാവാഴ്ചയ്ക്കു വന്നപ്പോൾ അതിനെതിരായുണ്ടായ സമ്മർദങ്ങളെ അതിജീവിച്ചാണ് പരിശുദ്ധ ഔഗേൻ ബാവായെ അദ്ദേഹം വാഴിച്ചത്.

**1934-ലെ ഭരണഘടന ബാവാകക്ഷി പൂർണ മനസോടെ സ്വീകരിച്ചോ?**

തീർച്ചയായും. മെത്രാച്ചന്മാരെല്ലാം സമ്മതിച്ചതാണ്. വയലിപ്പറമ്പിൽ തിരുമേനിയാണ് ആദ്യം ഉറച്ചു നിന്നത്. "നമുക്കോ ഇല്ല. ഒരു ഭരണഘടനയില്ലാതെ നമുക്ക് മുമ്പോട്ടു പോകാനാകുകയില്ല. അവർക്കുള്ളത് നല്ലത്. അത്രയും ഭാരം ഒഴിഞ്ഞെന്നു വിചാരിച്ചാൽ മതി." മറ്റു തിരുമേനിമാരും അക്കര സി.ജെ. കുര്യൻ (ജൂണിയർ), പാലാമ്പടം ഡോ. പി.ടി. തോമസ് തുടങ്ങിയ അത്മായ നേതാക്കന്മാരും അതിനെ പിന്തുണച്ചു. ബാവാകക്ഷിയെക്കൊണ്ട് ഭരണഘടന അംഗീകരിപ്പിച്ചത് വഞ്ചനയിലൂടെയാണെന്ന് പറയുന്നതിൽ അർത്ഥമില്ല. പിന്നീട് ഭിന്നതയ്ക്ക് ഇതൊരു വിഷയമാക്കിയതാണ്.

**'1958 ലെ യോജിപ്പിനോടുള്ള ജനകീയ പ്രതികരണം എന്തായിരുന്നു?**

അന്നും ഇന്നും 99.9 % പേരും സമാധാനത്തിനു വേണ്ടി നിൽക്കുന്നവരാണ്. ശേഷിച്ച 0.1% പേരാണ് കോലാഹലമുണ്ടാക്കുന്നത്. അവർ സഭയ്ക്കുവേണ്ടിയല്ല, അവരുടെ താൽപര്യത്തിനു വേണ്ടി നിൽക്കുന്നവരാണ്. ഇപ്പോഴത്തെ ശ്രേഷ്ഠ കാതോലിക്കാ ബാവാ ഉൾപ്പെടെ ഇന്ന് യാക്കോബായ നേതൃത്വത്തിലുള്ള പലരും പരിപൂർണമായി യോജിച്ചു നിന്ന ആളുകളാണ്.

**1970-കളിലെ ഭിന്നിപ്പിനുള്ള കാരണമെന്ത്?**

സഭയെ മറന്ന് വ്യക്തികളെ പൂജിക്കുന്ന ചില ആളുകളുടെ പ്രവർത്തനങ്ങളാണ് കാരണം. സഭയുടെ അടിസ്ഥാനപരമായ വിഷയമൊന്നുമല്ല കാരണം. പരിശുദ്ധ യാക്കോബ് തൃതീയൻ ബാവായുടെ അനാരോഗ്യവും പരിശുദ്ധ ഔഗേൻ ബാവായുടെ പ്രായാധിക്യവുമാണ് പിന്നീട് പ്രശ്നമുണ്ടാക്കിയത്. ഈ ദുർബല ഘട്ടത്തിൽ അവരെ തെറ്റിദ്ധരിപ്പിക്കാൻ എളുപ്പമായിരുന്നു. നേതൃനിരയിലുള്ള വ്യക്തികൾ തമ്മിലുള്ള അഭിപ്രായവ്യത്യാസവും പ്രശ്നം വർദ്ധിപ്പിച്ചു.

**ഇനിയൊരു യോജിപ്പ് സാധ്യമാണോ?**

സാധ്യമാകാനുള്ള സാഹചര്യമായിട്ടില്ല. പാത്രിയർക്കീസോ കാതോലിക്കായോ പറഞ്ഞാൽ മുൻകാലങ്ങളിൽ സഭ അംഗീകരിക്കുമായിരുന്നു. ഇപ്പോൾ ആ സ്ഥിതി മാറി. ജനമെല്ലാം ഒരുമിച്ച് സമാധാനത്തിനും ഐക്യത്തിനും വേണ്ടി രംഗത്തു വരാനുള്ള സാഹചര്യവുമില്ല. വ്യക്തിതാൽപര്യം മാറ്റി സഭയ്ക്കുവേണ്ടി നിൽക്കുന്ന നേതാക്കന്മാരുമില്ല. സഭയിൽ ദൈവം പ്രവർത്തിക്കട്ടെ എന്നു നമുക്കു പ്രാർത്ഥിക്കാം.

**എങ്കിലും സഭയിൽ യോജിപ്പുണ്ടാകുകയല്ലേ നല്ലത് ?**

തീർച്ചയായും യോജിപ്പാണ് നല്ല മാർഗം. വിഭജനം വീണ്ടും വിഭജനത്തിലേക്കു നയിക്കാം. എന്റെ അഭിപ്രായത്തിൽ ഇനിയുമൊരു സമാധാനമുണ്ടാകണമെങ്കിൽ മേലദ്ധ്യക്ഷന്മാരെ അവഗണിക്കാതെ ജനങ്ങൾ തന്നെ മുൻകൈ എടുക്കണം. ഈ മുന്നേറ്റമുണ്ടായാൽ കാലക്രമത്തിൽ പൂർണ യോജിപ്പ് കൈവരിക്കാൻ സാധിക്കും.

**അച്ചന്റെ പള്ളിയിലെ സ്ഥിതി ഇതിനൊരു ഉദാഹരണമല്ലേ ?**

എന്റെ പള്ളിയിൽ *(പള്ളം മാർ ഇഗ്നാത്തിയോസ്)* ജനങ്ങൾക്ക് ബാവാ-മെത്രാൻ കക്ഷി പ്രശ്നമില്ല. അവിടെ ഇരുകക്ഷികളിലെയും അച്ചന്മാരെ ഒരുപോലെ സ്വീകരിക്കും. തിരുമേനിമാർ വന്നാലും സ്വീകരിക്കും. സഭ രണ്ടാണെന്നുള്ള വിചാരമേയില്ല. കൂദാശകൾക്ക് പ്രധാനകാർമികത്വം വഹിക്കാൻ എന്റെ പള്ളിയിൽ വരുന്ന ഓർത്തഡോക്സ് അച്ചന്മാർക്ക് അവസരം കൊടുക്കുന്നതിന് എനിക്ക് യാതൊരു പ്രയാസവുമില്ല. ജനം അത് അംഗീകരിക്കുന്നു. സഭ മുഴുവനായി ആ വിധത്തിൽ വിശ്വാസികളെ ഒരുക്കണം. അതായത് അന്തരീക്ഷം പരുവപ്പെടുത്തണം. ഇപ്പോൾ അതിനുള്ള സാഹചര്യമായിട്ടില്ല. ഇക്കാര്യത്തിനു കുറച്ചു ക്ഷമയും സഹനവും വേണം.

**എതിർപ്പുകളും വിമർശനങ്ങളും നേരിടേണ്ടി വന്നിട്ടില്ലേ?**

ഞാൻ തുടക്കം മുതലേ സമാധാനത്തിനു വേണ്ടി നിൽക്കുന്ന ആളാണ്. ചില്ലറ വിമർശനങ്ങൾ നേരിടേണ്ടി വന്നിട്ടുണ്ട്. ഞാൻ അന്ത്യോഖ്യാ സിംഹാസനത്തിന്റെ യഥാർത്ഥ ഭക്തനാണ്. ചെറുപ്പത്തിൽ പരിശുദ്ധ ഏലിയാസ് തൃതീയൻ ബാവായുടെ മടിയിൽ ഇരുന്ന് അനുഗ്രഹം പ്രാപിച്ചിട്ടുണ്ട്. ■